**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5298 — 27.07.2015-ൽ മറുപടിയ്ക്ക്

**റാന്നി നിയോജക മണ്ഡലത്തിൽ കരാർ കുടിശ്ശിക മൂലം മുടങ്ങിയ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കരാറുകാർക്ക് കുടിശ്ശിക നൽകാത്തതിനെത്തുടർന്ന് റാന്നി നിയോജക മണ്ഡലത്തിൽ പൊതു മരാമത്ത് വകുപ്പിന്റെ ഏതെങ്കിലും റോഡിന്റെയോ കെട്ടിടത്തിന്റെയോ പാലത്തിന്റെയോ പണി മുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;<br>(ബി) ഇത്തരത്തിൽ മുടങ്ങിയ പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ; | **(എ) & (ബി) :**<br>കരാറുകാർക്ക് കുടിശ്ശിക നൽകാനുള്ളതുകാരണം ഈ ഡിവിഷന്റെ പരിധിയിലെ പ്രവൃത്തികൾ ഒന്നും മുടങ്ങിയിട്ടില്ല. |
| (സി) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിടത്തിന്റെ പണി മുടങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;പ്രശ്നം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ? | (സി) വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്കിൽ പ്രധാന കെട്ടിടത്തിന്റെ മൂന്നു നിലകളുടെയും സ്ട്രക്ചർ വർക്ക് 90% പൂർത്തിയാക്കിയ സാഹചര്യത്തിൽ കോൺട്രാക്ടറുടെ സാമ്പത്തിക പരാധീനത മൂലം ബാക്കി ജോലികൾ തുടങ്ങാൻ സാധിക്കാതെ വരികയും പ്രസ്തുത കോൺട്രാക്ടറെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. ഭിത്തികെട്ട്, പ്ലാസ്റ്ററിംഗ് മുതലായ ജോലികളും ടോപ് ഫ്ലോറിന്റെ റൂഫ് വർക്ക്, ഫിനിഷിംഗ് ജോലികൾ എന്നിവയും പൂർത്തിയാക്കാനുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ മുഴുവൻ വർക്കും റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**